**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2975** **18-03-2022 - ല്‍ മറുപടിയ്ക്ക്**

**മാനാപ്പുഴ പാലം നിര്‍മ്മാണത്തിന് എന്‍.ഒ.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുണ്‍ കുമാര്‍** | | **null**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര മണ്ഡലത്തില്‍ എം.എല്‍.എ. എ.ഡി.എസ്. ല്‍ ഉള്‍പ്പെടുത്തി മാനാപ്പുഴ പാലം നിര്‍മ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. മാവേലിക്കര തെക്കേക്കര ഗ്രാമ പഞ്ചായത്തില്‍ മാനാപ്പുഴപാലം നിര്‍മ്മാണം എന്ന പ്രവൃത്തിയ്ക്ക് എന്‍. ഒ. സി നല്കുന്നതുമായി ബന്ധപ്പെട്ടുള്ള അപേക്ഷയും എസ്റ്റിമേറ്റും ചെങ്ങന്നൂര്‍ മൈനര്‍ ഇറിഗേഷന്‍ ഡിവിഷനില്‍ 3.12.2021 ലാണ് ലഭ്യമായത്. പ്രസ്തുത പദ്ധതിയുടെ പേര് പാലം നിര്‍മ്മാണം എന്നാണെങ്കിലും എസ്റ്റിമേറ്റില്‍ കലുങ്ക് നിര്‍മ്മാണം എന്നാണ് ഉള്‍ക്കൊള്ളിച്ചിരുന്നത്. ആയതില്‍ വ്യക്തത വരുത്തി എസ്റ്റിമേറ്റ് പുനര്‍ സമര്‍പ്പിക്കുവാന്‍ 10.01.2022 ല്‍ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തില്‍ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പുനര്‍ സമര്‍പ്പിച്ചിട്ടില്ല. ടി കാരണത്താലാണ് എന്‍.ഒ.സി നല്കുവാന്‍ വൈകുന്നത്. |
| (ബി) | പ്രസ്തുത നിര്‍മ്മാണത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് മൈനര്‍ ഇറിഗേഷന്‍ എന്‍.ഒ.സി. നല്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. മാവേലിക്കര തെക്കേക്കര ഗ്രാമ പഞ്ചായത്തില്‍ മാനാപ്പുഴപാലം നിര്‍മ്മാണം എന്ന പ്രവൃത്തിയ്ക്ക് എന്‍. ഒ. സി നല്കുന്നതുമായി ബന്ധപ്പെട്ടുള്ള അപേക്ഷയും എസ്റ്റിമേറ്റും ചെങ്ങന്നൂര്‍ മൈനര്‍ ഇറിഗേഷന്‍ ഡിവിഷനില്‍ 3.12.2021 ലാണ് ലഭ്യമായത്. പ്രസ്തുത പദ്ധതിയുടെ പേര് പാലം നിര്‍മ്മാണം എന്നാണെങ്കിലും എസ്റ്റിമേറ്റില്‍ കലുങ്ക് നിര്‍മ്മാണം എന്നാണ് ഉള്‍ക്കൊള്ളിച്ചിരുന്നത്. ആയതില്‍ വ്യക്തത വരുത്തി എസ്റ്റിമേറ്റ് പുനര്‍ സമര്‍പ്പിക്കുവാന്‍ 10.01.2022 ല്‍ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തില്‍ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പുനര്‍ സമര്‍പ്പിച്ചിട്ടില്ല. ടി കാരണത്താലാണ് എന്‍.ഒ.സി നല്കുവാന്‍ വൈകുന്നത്. |
| (സി) | പ്രസ്തുത നിര്‍മ്മാണത്തിന് എന്‍.ഒ.സി. നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | എസ്റ്റിമേറ്റില്‍ വ്യക്തത വരുത്തി തദ്ദേശ സ്വയംഭരണ വകുപ്പില്‍ നിന്നും ലഭ്യമാകുന്നമുറയ്ക്ക് നിര്‍മ്മാണത്തിനുള്ള എന്‍. ഒ. സി നിലവിലെ വ്യവസ്ഥകള്‍ക്ക് വിധേയമായി നല്‍കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ